"ഭരണഭാഷ- മാതൃഭാഷ"

15O YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം - കൃഷി അഡീഷണൽ ഡയറക്ടർ തസ്തികയിൽ താത്ക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇഎ) വകുപ്പ്**

**G.O.(Rt)No.604/2023/AGRI** തീയതി,തിരുവനന്തപുരം, **21-06-2023**

പരാമർശം:- 1. **26/04/2023** ലെ **G.O (P)No.3/2023/Agri** നമ്പർ ഉത്തരവ്

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **12/06/2023** ലെ **ADFW/12058/2023- SB1**

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള പരാമർശം (1) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥർക്കും നിയമനം നൽകുകയും പ്രസ്തുത തസ്തികയിൽ വിരമിക്കൽ മൂലം **31/05/2023** ന് ശേഷം **5** ഒഴിവുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും, സെലക്റ്റ് ലിസ്റ്റ് നിലവിലില്ലാത്തതിനാലും,കൃഷി വകുപ്പിലെ ഏറ്റവും സീനിയറായ **5** കൃഷി ജോയിന്റ് ഡയറക്ടർമാരെ കേരള സബോർഡിനേറ്റ് സർവ്വീസ് ചട്ടം **31** പ്രകാരം കൃഷി അഡീഷണൽ ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വൈജ്ഞാനിക, നിർവ്വഹണ, വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്ന വിഭാഗങ്ങൾക്ക് നേതൃത്വം നൽകേണ്ട കൃഷി അഡീഷണൽ ഡയറക്ടർമാരുടെ തസ്തിക ഒഴിച്ചിടുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരള സബോർഡിനേറ്റ് സർവ്വീസ് ചട്ടം **31** പ്രകാരം വകുപ്പിലെ സീനിയറായ **5** കൃഷി ജോയിന്റ് ഡയറക്ടർമാർക്ക് **1,12,800 - 1,63,400/-** രൂപ ശമ്പള സ്കെയിലിൽ കൃഷി അഡീഷണൽ ഡയറക്ടർ തസ്തികയിൽ ഭരണ സൗകര്യാർത്ഥം താത്കാലിക സ്ഥാനക്കയറ്റം നൽകി അവരുടെ പേരിനു നേരെ സൂചിപ്പിച്ചിരിക്കുന്ന തസ്തികകളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്, നിലവിൽ ജോലി ചെയ്യുന്ന തസ്തിക/ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ്/ തസ്തിക |
|---|---|---|
| 1 | ശ്രീമതി. ബീനാമോൾ ആന്റണി, പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി | കൃഷി അഡീഷണൽ ഡയറക്ടർ (സി.പി), കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 2 | ശ്രീമതി. നീന. കെ. മേനോൻ, പ്രൊജക്ട് ഡയറക്ടർ, ആത്മ, തൃശ്ശൂർ | മാനേജിംഗ് ഡയറക്ടർ, SFAC തിരുവനന്തപുരം. |
| | ശ്രീമതി. ജാൻസി. കെ. കോശി, | |

| | | |
|---|---|---|
| 3 | പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോഴിക്കോട് | ഡയറക്ടർ, സമേതി, തിരുവനന്തപുരം. |
| 4 | ശ്രീമതി. സൈജ ജോസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ | കൃഷി അഡീഷണൽ ഡയറക്ടർ (വെജിറ്റബിൾ & ഫാംസ്) കൃഷി ഡയറക്ടറേറ്റ് തിരുവനന്തപുരം. |
| 5 | ശ്രീ. ലൂയിസ് മാത്യു, പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ | കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്)കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**S SABIR HUSSAIN**

**ADDITIONAL SECRETARY**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ ,കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (**AGRI-EA1/87/2023-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ